(ഇ) ഡി.പി.ഇ.പി. അനുസരിച്ചുള്ള വിദ്യാഭ്യാസത്തിനും അദ്ധ്യാപകരുടെ പരിശീലനങ്ങൾക്കും യോഗങ്ങൾക്കുംവേണ്ടി എന്ത് തുക ഇതിനകം ചെലവഴിച്ചിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഡി.പി.ഇ.പി. ഒന്നാംഘട്ടം നടപ്പിലാക്കിയ ജില്ലകളിലെ (വയനാട്, മലപ്പുറം, കാസർഗോഡ്) 2001 സെപ്തംബറിലും രണ്ടാംഘട്ടം (തിരുവനന്തപുരം, ഇടുക്കി, പാലക്കാട്) ഡിസംബർ 2002 ലും അവസാനിക്കും. എന്നിരുന്നാലും അക്കാദമികമായിട്ടുള്ള പ്രവർത്തനങ്ങൾ നിലനിറുത്തുന്നതിനുവേണ്ട സംവിധാനങ്ങളും സജ്ജീകരണങ്ങളും തുടർന്നും ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഡി.പി.ഇ.പി. സംസ്ഥാനത്തെ ആറുജില്ലകളിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്. മറ്റു ജില്ലകളിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പ്രൈമറി ക്ലാസ്സുകളിൽ ഡി.പി.ഇ.പി. മാതൃകയിലുള്ള പാഠ്യപദ്ധതിയാണ് പിൻതുടരുന്നത്.

(സി) കേരളത്തിൽ ഒന്നുമുതൽ നാലുവരെയുള്ള ക്ലാസ്സുകളിൽ ഇംഗ്ലീഷ്മീഡിയം അനുവദനീയമല്ല. ആയതിനാൽ ഡി.പി.ഇ.പി. ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ നടപ്പാക്കാൻ ആവില്ല.

(ഡി) സംസ്ഥാനത്ത് ഇപ്പോൾ ആറു ജില്ലകളിൽ ഡി.പി.ഇ.പി. നടപ്പാക്കുന്നു. മറ്റു ജില്ലകളിലും ഡി.പി.ഇ.പി. സമ്പ്രദായം പിൻതുടരുന്ന പാഠ്യക്രമവും ആണ് നിലവിലുള്ളത്.

(ഇ) ഡി.പി.ഇ.പി. അനുസരിച്ച് അദ്ധ്യാപക പരിശീലനങ്ങൾക്കും യോഗങ്ങൾക്കും വേണ്ടി 1402.87 ലക്ഷം രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്.

18 (* 253) പ്ലസ് ടു കോഴ്സിന്റെ നിയമപ്രാബല്യം

ശ്രീ. എം. മുരളി :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ് ടു കോഴ്സിന് നിയമപ്രാബല്യമുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ ഏത് നിയമമാണ് എന്ന് അറിയിക്കുമോ;

(ബി) ഈ നിയമത്തിന് സ്റ്റാറ്റ്യൂട്ടിന്റെ പിൻബലം നൽകുവാൻ ഉദ്ദേശ്യമുണ്ടോ;

(സി) എങ്കിൽ ഇതിനുള്ള എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഉണ്ട്. 9.1.98 ലെ വിജ്ഞാപന പ്രകാരം ആണ് നിയമപ്രാബല്യം ഉള്ളത്. പ്രീഡിഗ്രികോഴ്സ് അബോളിഷൻ ആക്ട് എന്ന നിയമമാണ്.

(ബി)&(സി) ഹയർ സെക്കണ്ടറിയെ സംബന്ധിക്കുന്ന നിയമങ്ങൾ രൂപീകരിക്കപ്പെടുന്നുണ്ട്. ഒരു സ്റ്റാറ്റ്യൂട്ടിന്റെ ആവശ്യകതയില്ല.

LIBRARY ARCHIVES Kerala Legislative Assembly